## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **07-02-2023 - ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേയിലെ അപകടകരമായ വളവുകൾ പരിശോധിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ പുനലൂർ-അഞ്ചൽ-കുളത്തൂപ്പുഴ മലയോര ഹൈവേയിൽ അട്ടുക്കളമൂല പ്രദേശത്തെ അപകടകരമായ നിലയിലുള്ള വളവ് ഒഴിവാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കാമോ? | (എ) | അട്ടുക്കളമൂല ജംഗ്ഷൻ ഉൾപ്പെടുന്ന പുനലൂർ - അഞ്ചൽ കുളത്തൂപ്പുഴ മലയോര ഹൈവേയുടെ നിർമ്മാണം പുറമ്പോക്ക് ഭൂമിയും ഫ്രീസറണ്ടർ ആയി ലഭ്യമായ ഭൂമിയും മാത്രം ഉപയോഗിച്ച് നടത്തിയതിനാൽ സ്ഥലം ഏറ്റെടുത്തു വളവുകൾ നിവർത്താൻ സാധിച്ചിട്ടില്ല. ഈ റോഡിൽ കിഫ്ബിയുടെ റോഡ് സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഭാഗങ്ങളിൽ സുരക്ഷ കൂട്ടുന്നതിന് വേണ്ടി അധികമായി സൈൻ ബോർഡുകളും റോഡ് മാർക്കിങ്ങുകളും ചെയ്യുന്നതിനുള്ള 5.55 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയുടെ പരിഗണനയിലുണ്ട്. ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ